# <u>റേഷൻകാർഡിൽ ആധാർ ഉൾപ്പെടുത്തുന്ന വിധം</u>

- ✓ സിറ്റിസൺ ലോഗിൻ മുഖേന നേരിട്ട് ഓൺലൈനായി ആധാർ സീഡിംഗ് നടത്താവുന്നതാണ്. ഇതിനായി ഓഫീസിൽ ഹാജരാകേണ്ടതില്ല.
- ✓ അക്ഷയ സെന്ററുകൾ മുഖേന ആധാർ സീഡിംഗ് നടത്താവുന്നതാണ്. ആധാറിന്റെ പകർപ്പും റേഷൻകാർഡും കൂടി നല്കിയാൽ മതി.
- ✓ താലൂക്ക് സപ്ലൈ ഓഫീസ് മുഖേനയും ആധാർ സീഡിംഗ് നടത്താവുന്നതാണ്. ആധാറിന്റെ പകർപ്പും റേഷൻകാർഡും കൂടി നല്കിയാൽ മതി.
- ✓ ഇ-പോസ് മെഷീനുകൾ മുഖേന റേഷൻകടകളിലും ആധാർ സീഡിംഗ് നടത്താവുന്നതാണ്. ആയതിന് സീഡ് ചെയ്യപ്പെടേണ്ട ആധാറിന്റെ ഉടമകൾ ഓരോരുത്തരും റേഷൻകടയിൽ എത്തേണ്ടതായുണ്ട്.
- ✓ **<u>2019 സെപ്തംബർ 30 നു മുമ്പ് മുഴുവൻ അംഗങ്ങളുടെയും ആധാർ സീഡ് ചെയ്യേണ്ടതാണ്. നിശ്ചിത സമയത്തിനു മുമ്പ് സീഡ് ചെയ്യാത്ത പക്ഷം റേഷൻ ലഭ്യമാകാത്ത വിധം പ്രസ്തുത അംഗങ്ങളെ ഫ്ലാഗ് ചെയ്യുന്നതാണ്.</u>**

## <u>സിറ്റിസൺ ലോഗിൻ മുഖേന ആധാർ സീഡ് ചെയ്യുന്ന വിധം</u>

- ✓ civilsupplieskerala.gov.in എന്ന URL ടൈപ്പ് ചെയ്യുക
- ✓ Citizen Login എന്ന ബട്ടൺ ക്ലിക് ചെയ്യുക




- ✓ Citizen ബട്ടൺ ക്ലിക് ചെയ്യുക




- ✓ നിലവിൽ ലോഗിൻ ഐഡി ഉണ്ടെങ്കിൽ ആയത് നല്കി ലോഗിൻ ചെയ്യുക




<u>നിലവിൽ ലോഗിൻ ഐഡി ഇല്ലെങ്കിൽ ക്രിയേറ്റ് ചെയ്യുന്ന വിധം</u>

- ✓ Create an Account എന്ന ബട്ടണിൽ ക്ലിക് ചെയ്യുക




- ✓ പുതിയ റേഷൻ കാർഡിനു വേണ്ടിയാണോ എന്ന ചോദ്യത്തിന് No എന്നു മറുപടി നല്കുക
- ✓ റേഷൻകാർഡിൽ ഏതെങ്കിലും ഒരംഗത്തിന്റെ ആധാർ ഉണ്ടെങ്കിൽ ആ ആധാറും റേഷൻകാർഡ് നമ്പരും നല്കുക. VALIDATE ചെയ്യുക. ഒരംഗത്തിന്റെയും ആധാർ ലഭ്യമല്ലെങ്കിൽ അക്ഷയ സെന്ററുകളിലോ താലൂക് സപ്ലൈ ഓഫീസിലോ അപേക്ഷ നല്കുക
- ✓ ലോഗിൻ ഐഡി (പരമാവധി 10 അക്ഷരം), പാസ് വേഡ്, പേര്, ഇമെയിൽ, മൊബൈൽ നമ്പർ എന്നിവ നല്കുക
- ✓ യൂസർ ഐഡി ലഭിച്ചു കഴിഞ്ഞാൽ മുകളിൽ പറഞ്ഞ പ്രകാരം ലോഗിൻ ചെയ്യാവുന്നതാണ്.



✓ ലോഗിൻ ചെയ്തു കഴിഞ്ഞാൽ AADHAAR ENTRY എന്ന മെനു സെലക്ട് ചെയ്യുക




✓ ആധാർ സീഡ് ചെയ്തിട്ടില്ലാത്ത പേര് സെലക്ട് ചെയ്യുക




✓ ആധാർ നമ്പർ സീഡ് ചെയ്യുക. UPDATE ബട്ടൺ ക്ലിക് ചെയ്യുക




✓ ആധാർ സീഡ് ചെയ്ത ശേഷം ആധാർ കാർഡിന്റെ പകർപ്പ് PDF രൂപത്തിൽ അപ് ലോഡ് ചെയ്യേണ്ടതുണ്ട്. ആയതിന് Select Member എന്ന ബോക്സിൽ നിന്ന് അംഗത്തെ സെലക്ട് ചെയ്യുക. Browse ബട്ടണിൽ ക്ലിക് ചെയ്ത് PDFഫയൽ അറ്റാച്ച് ചെയ്യുക. PDF ഫയലിന്റെ വലിപ്പം 100 KBയിൽ കുറവായിരിക്കണം.

